(ഇ) രണ്ടു്. രണ്ടാമത്തെ ലിസ്റ്റു് പിന്നീടു് റദ്ദു് ചെയ്തു.

(എഫ്) മുൻപറഞ്ഞ രണ്ടു ലിസ്റ്റുകളിലും ഉൾപ്പെടുത്തിയിരുന്ന എല്ലാവർക്കും പ്രമോഷൻ നൽകിക്കഴിഞ്ഞിട്ടില്ല.

(ജി, എച്ചു്) രണ്ടാമത്തെ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റു് നിയമാനുസൃതം ഉണ്ടാക്കിയതായിരുന്നില്ല. അതിനാൽ അതു പിന്നീടു റദ്ദാക്കി.

ബൈവീക്കിലി ഡിസ്പെൻസറികൾ

* 73. [20] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ബൈവീക്കിലി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടു്;

(ബി) അവ എവിടെയെല്ലാം;

(സി) ടി ഡിസ്പെൻസറികൾ ഫുൾടൈം ആക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ഡി) കോട്ടയം ഡിസ്ട്രിക്ടിൽ വൈക്കം താലൂക്കിൽ മുളക്കുളം വില്ലേജിൽ പെരുവ ബൈവീക്കിലി ഡിസ്പെൻസറി അപ്പ്ഗ്രേഡു് ചെയ്തു ഫുൾടൈം ആക്കണമെന്നു കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 36.

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(സി) ചില ഡിസ്പെൻസറികൾ ഫുൾടൈം ആക്കുന്നതിനു പരിപാടിയുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) നിവേദനം ഹെൽത്തു് സർവ്വീസ് ഡയറക്ടർക്കു് അയച്ചുകൊടുത്തു. 1964-65-ലെ ബഡ്ജറ്റിൽ ഈ ഡിസ്പെൻസറി അപ്പ്ഗ്രേഡു് ചെയ്യുന്നതിനുള്ള തുക ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരികയാണു്.

വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ സ്ഥിരപ്പെടുത്തൽ

* 74. [23] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോട്ടയം ഡിസ്ട്രിക്ടിൽ വില്ലേജ് ഉദ്യോഗസ്ഥന്മാരുടെസ്ഥിരപ്പെടുത്തൽ നടത്തിയതു് എന്നാണു്;

(ബി) അതിനുശേഷം സ്ഥിരപ്പെടുത്താതിരിക്കുന്നതു എന്തുകൊണ്ടു്

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 1-11-1956.

(ബി) സ്ഥിരപ്പെടുത്തുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കയാണു്, അടുത്തുതന്നെ പൂർത്തിയാകും.

താലൂക്കു് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ

* 75. [24] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടിനൽകുമോ :

† Appendix III

LIBRARY ARCHIVES Kerala Legislative Assembly